# പാഥേയം



https://youtu.be/fP_FKizPCfc

# DIGITAL MAGEZINE

# PREPARED BY

# LITTLE KITE UNIT

# CKGMHSS CHINGAPURAM

# എന്റെ കാമുകി

ഇവളുടെ പേരറിയുമ്പോൾ ഒരുപക്ഷെ ചിലർക്ക് ഇവളോട് ഇഷ്ടമായേക്കാം. മറ്റ്ചിലർക്ക് ഇവളോട് ദേഷ്യമായേക്കാം .എന്നാലും ഇവളെന്റെ കാമുകിയാണ് ചീറിപായുന്ന  വാഹനങ്ങൾക്കരികിലും റെയിൽവേട്രാക്കുകളിലും ഞാനിവളെ കണ്ടിട്ടുണ്ട്. കാലം കോർത്തകാലന്റെമാലയായ് വരും എന്റെ കാമുകി .ആരാണെന്റെകാമുകി? മരണം അതാണെന്റെ കാമുകി

**മരണം.**

## സ്വപ്നം

നമുക്കകാണാംസ്വപ്നത്തെ

അത് യാഥാർതമാക്കാൻനമുക്ക്

ഓരോദിനത്തിലുംരാവുറങ്ങാതെ

പരിശ്രമിച്ച് കൊണ്ടിരിക്കാം

# എവിടെ പ്രകൃതി

താമസിക്കാനൊരു ഇടം തേടിയതാ
പോകുന്ന ഒരു പക്ഷി കൂട്ടം
നാൾ വഴികളേറെയായവർ തൻ വാസഭൂമി
അന്വേഷിപ്പാൻ തുടങ്ങിയിട്ട്
നാളുകളൊട്ടേറെ അലഞ്ഞവർ
വാസസ്ഥലത്തിനായി
ഓരോരുത്തരും സ്വയം മന്ത്രിക്കുകയാണെ-
വിടെ ഈ വൃക്ഷങ്ങൾ എവിടെ പച്ചപ്പെന്ന്
ചക്രവാളം വരെ യാത്രയായവർ ഒരു
വൃക്ഷത്തിനായി
എങ്ങോ പോയ് മറഞ്ഞു ഈ
പച്ചപ്പും പ്രകൃതിയും
മാനവർ കാട്ടും കൊടുംക്രൂരത
യ്ക്കിരയായി പ്രകൃതിയും ജീവജാലങ്ങളും
തൻ ഭൂമി തൻ വെള്ളമെന്ന് മനസ്സിൽ
നിശ്ചയിച്ചുകൊണ്ട് ജീവിക്കയാം മനുഷ്യരേ
എവിടെ പോകും ഞങ്ങൾ
എങ്ങനെ ജീവിക്കും ഞങ്ങളെന്ന്
ഉറക്കെയാ പക്ഷിക്കൂട്ടം കരയുന്നു.
ആ നിഷ്കളകമാം കൂട്ടത്തിനോരോരുത്ത-
രുടെയും മുഖത്ത് കാണുന്നു
അതിരൂക്ഷമായ നോട്ടവും സകടവും

↖അഭയ്കൃഷ്ണ↙ കെ↙ കെ

# ഏകത്വം

ഒരിടത്ത് ഒരു പണക്കാരനും പാവപ്പെട്ടവനും താമസിച്ചിരുന്നു.പണക്കാരനായ കൃഷ്ണൻനമ്പൂതിരിക്ക് ആ നാട്ടിലെ പാവപ്പെട്ടവരോട് വെറുപ്പായിരുന്നു.എല്ലാവരെയും അയാൾ ദ്രോഹിക്കും.ആ ഗ്രാമത്തിൽ താമസിക്കുന്ന ദാമു വളരെ നല്ല മനുഷ്യനാണ്.അയാൾക്ക് സഹജീവികളോട് നല്ല സ്നേഹമാണ്.വീട്ടിൽ എത്ര ദാരിദ്രമായാലും മറ്റുള്ളവർക്ക് എന്താവശ്യം വന്നാലും അയാൾ സഹായിക്കും. നല്ല മനസിന് ഉടമയായ ദാമുവിനെ നാട്ടുകാർക്ക് എല്ലാം വലിയ ഇഷ്ടമാണ്.

അങ്ങനയിരിക്കെ ഒരിക്കൽ ദാമുവിന് പണത്തിന്റെ അത്യാവശ്യം വന്നു.അയാൾ ആദ്യം ഓടിച്ചെന്നത് കൃഷ്ണൻ നമ്പൂതിരിയുടെ വീട്ടിലേക്കാണ് പക്ഷെ ദാമുവിന് അവിടെ നിന്ന് ഒരു ദുരനുഭവം അനുഭവിക്കേണ്ടി വന്നു.നമ്പൂതിരി അയാളെ അവിടെ നിന്ന് ആട്ടിയോടിച്ചു.ഒരു സഹായവും അയാൾ ദാമുവിന് നൽകിയില്ല.ദാമുവിന് സങ്കടമായി.

കാലം പിന്നീടും മുന്നോട്ടു നീങ്ങി അതിനിടെ ആ നാടിനെ ആകെ സങ്കടത്തിലാഴ്ത്തിക്കൊണ്ട് ഒരു മഹാപ്രളയം വന്നെത്തി.നഖത്തിലും ദന്തത്തിലും

രക്തം പൂണ്ട ഉഗ്രരൂപിണിയായി മഴ വന്നെത്തി.ആ നാടിനെ ആകെ സങ്കടക്കടലിലാഴ്ത്തി ആ പ്രളയം നാടിനെ വിഴുങ്ങി.ആ സമയം ഒരു വീടൊഴിച്ച് ബാക്കിയെല്ലാം വെള്ളത്തിനടിയിലായി.അത് ദാമുവിൻെ വീടായിരുന്നു ആ നാട്ടിലെ എല്ലാവരും അഭയം തേടിയത് മലമുകളിലുള്ള ദാമുവിൻെ വീട്ടിലായിരുന്നു.എല്ലാവരും അവിടെ എത്തിയപ്പോൾ അവസാനമായി അതിക്ഷീണിതനായി അവിടെ എത്തിയത് കൃഷ്ണൻ നമ്പൂതിരിയാണ്.അയാളുടെ വീട് വെള്ളത്തിൽ ഒലിച്ചു പോയി.അയാൾ ചമ്മലോടെ അവിടെ കയറി ചെന്നു.വേഗം തന്നെ ദാമു അയാളെ സ്വീകരിച്ചു.അപ്പോൾ കൃഷ്ണൻ നമ്പൂതിരി അയാൾ ചെയ്ത ക്രൂരതകളെക്കുറിച്ച് ചിന്തിച്ചു.ഒരു പ്രളയം വന്നപ്പോൾ അയാൾക്ക് മനസ്സിലായി സമ്പന്നനും ദരിദ്രനും ഒന്നും ഇല്ലെന്ന് എല്ലാവരും സമന്മാരാണെന്ന് നമ്പൂതിരിക്ക് മനസ്സിലായി.പിന്നീട് അയാൾ സഹജീവികളെ സ്നേഹിച്ചു ജീവിച്ചു.

↖ അഭയ് കൃഷ്ണ ↙ കെ ↙ കെ

# ഓർമ്മച്ചെപ്പ്

നാളേറയായ് ഞാൻ കൊതിക്കുന്നു
ആ ദിനം
നെല്ലിക്കപോൽ ചവർപ്പും മാധുര്യവും
അനുഭവിച്ചറിഞ്ഞൊരാ.......
ബാല്യകാലം.
ചങ്ങാതിമാർക്കൊപ്പം ആർത്തുല്ലസിച്ചൊരാ
പോയകാലം.
ജാതിമതഭേതമന്യേ നിറച്ചാർത്തായി-
-ച്ചിന്തിച്ചൊരാ പോയകാലം.
ഓർക്കുന്നു ഞാനാക്കാലം
നറുപുഞ്ചിരിയോടെ

വെറുക്കുന്നു ഞാനീ നിമിഷങ്ങൾ
അന്നറിഞ്ഞീലാ ... ഞാനാ..കാല-
-മിത്രയും മാധുര്യമാവുമെന്ന്

**ആദിത്യ/സി**

# പ്രളയം

*കേരത്തലപ്പുകൾ അതാ നൃത്തംവയ്ക്കുന്നു*
*സ്വച്ഛമാം കേരളനാട്ടിൽ*
*മാനുഷകാരം പൂണ്ട അവരുടേതായ്*
*ആ നാട് മാറുന്നു -മാറ്റുന്നു*
*അവർ അതാ കായലുകളെ ഊറ്റുന്നു,*
*പുഴകളുടെ മക്കളെ വധിക്കുന്നു,*
*അമ്മയുടെ കൈകളും ഹൃദയവും -*
*വെട്ടീടുന്നു*
*എന്നാലും സഹിച്ചീടുന്നു*
*പ്രകൃതിയാം അമ്മ*
***ഒരുനാൾക്കു വേണ്ടി***
*അതാ ആ നാൾ എത്തി*
*മഴ നിർത്താതെ കരഞ്ഞു....*

*വിദ്യാലയങ്ങൾ അഭയകേന്ദ്രങ്ങളായ് മാറി......*
*അമ്മയുടെ കണ്ണീർകണങ്ങൾ അവരുടെ എല്ലാം ദഹിപ്പിച്ച അതിനെ അവർ വിളിച്ചു..... പ്രളയം*

***Adithya c***

## മാതൃത്വം

കുന്നിൻ ചെരുവിലുള്ള ആ പഴയ വീട്ടിൽ ഒരു അമ്മതന്റെ മകനെ കാത്തു ഇരിക്കുന്നു.അമ്മ പിറുപിറുക്കുകയാണ് "നേരം ഇത്രയായിട്ടും എന്റ കുട്ടി ഇതെവിടാ പോയേ" ആ അമ്മയുടെ മുഖത്ത് സ്നേഹത്തിൻെയും കരുതലിൻെയും ഒരു പ്രകാശം മിന്നിതട്ടുന്നുണ്ട്.നേരം ഇരുണ്ടപ്പോൾ മകൻ വീട്ടിലേക്ക് കയറി വരുന്നു.അമ്മ ഓടി ചെന്ന് അവനോട് ചോദിച്ചു “എവിടെയായിരുന്നു നീ ഇത്രയും നേരം" ഇതു കേട്ടപ്പോൾ അവന്റെ മുഖമാകെ മാറി "നിങ്ങളെന്തിനാ അതൊക്കെ അറിയുന്നേ വയസായാ അവിടങ്ങാൻ അടങ്ങി ഒതുങ്ങി കഴിയണം ഇതു ഞാൻ എന്നും പറയണമെന്നുണ്ടോ" അവന്റെ ആ മനുഷ്യത്ത്വമില്ലാത്ത മറുപടിയിൽ അമ്മ ആകെ തളർന്നു പോയി.എന്നിട്ട് വീടിന്റെ ഒരു മൂലയിൽ ചെന്ന് എപ്പോഴേത്തതും പോലേ മന്ത്രിക്കും "ഞാനിത് എല്ലാം ചെയ്യുണത് എന്റ കുട്ടിക്ക് വേണ്ടിയല്ലേ അവനോടുള്ള സ്നേഹം കൊണ്ടല്ലേ" എന്ന് ആ അമ്മ ദിവസവും പറയും.മകന് വേണ്ടിയാണ് ആ അമ്മ ജീവിക്കുന്നത്.എന്നാൽ ആ മകൻ അമ്മയോട് ഒരു മൃഗം എന്ന പോലെയാണ് പെരുമാറുന്നത്. അമ്മയോട് സ്നേഹത്തോടെ സംസാരിക്കുകയോ നോക്കുകയോ പോലുമില്ല.പക്ഷെ അമ്മ എല്ലാം സഹിച്ച് മകനോടുള്ള തീവ്രമായ സ്നേഹത്തോടെ

അവിടെ താമസിക്കും.ഇതിനിടെയാണ് മകന് അതിതീവ്രമായ പനി വന്നത്.മകൻ എഴുന്നേൽക്കാൻ പോലും കഴിയാതെ കിടന്നു പോയി.പക്ഷെ അവന്റെ അമ്മ എല്ലാ സമയവും അവന്റെ  കൂടെ തന്നെ ഇരിക്കും.അപ്പോൾ അവൻ അമ്മയോട് പറഞ്ഞു "നിങ്ങൾ ഇവിടിരിക്കണ്ട നിങ്ങൾക്കും പനി വരും" പക്ഷെ അമ്മയുടെ മറുപടി അവനെ കരയിച്ചു "എന്റെ മകന്റെയല്ലേ സാരമില്ല നിന്റെ പനി മാറുന്ന വരെ ഞാൻ നിന്റെ കൂടെ തന്നെ ഉണ്ടാകും" അവൻ ചിന്തിച്ചു അമ്മയോട് കാട്ടിയ ക്രൂരതകളെക്കുറിച്ച്.അവൻ കരഞ്ഞ് കൊണ്ട് അമ്മയോട് മാപ്പ് പറഞ്ഞു. അപ്പോളാണ് അവന് മനസ്സിലാകുന്നത് മാതൃത്വത്തെക്കാൾ വലുതായി ഒന്നുമില്ലെന്ന്        -അഭയ് കൃഷ്ണ .കെ.കെ

## മഞ്ഞു കാലം

വെള്ളി നിറമാം പട്ടുടുത്ത പൂക്കൾ
തണുപ്പാൽ  കൊഴിഞ്ഞു വീഴുന്നു
ഇവിടുന്നു നോക്കുമ്പോൾ
അവിടുത്തെ മലകളിൽ
വെള്ളിപ്പട്ടു വിരിച്ച പോലെ
വൻമരങ്ങളിലെ ചെറുശിഖരങ്ങളിൽ
നിന്നുറ്റിവീഴുന്ന മഞ്ഞുകണങ്ങൾ
തണുപ്പിനെ പ്രണയിച്ച്
വിരിയുന്ന പൂക്കളും
തേനൂറുന്ന കായ്കനികളും
ആ മഞ്ഞുതുള്ളിയെ
പിടിക്കാൻ കഴിയാതെ

വിഷമിച്ചു നിന്നു ഞാനാ-

***മഞ്ഞുകൂടാരത്തിൽ***

# വിദ്യാലയം

**ആദ്യാക്ഷരം കുറിച്ചവരെത്തുന്ന അറിവിൻ**
**നിറകുടമാം വിദ്യാപീഠത്തിലേക്ക്**
**വിദ്യാധനം സർവധനാൽ**
**പ്രധാനമെന്നറിവൂ ഓരോ കുരുന്നും**
**ഗുരുവിൻ കീഴിൽ നന്മനിറഞ്ഞതാം**
**മാനുഷരാവാനവരെത്തുന്ന വിദ്യാങ്കണത്തിൽ**
**ജാതിയില്ല,മതമില്ല വിവേചനമില്ലിവിടെ**

**അറിവിൻ മതമൊന്നു മാത്രം**
**സ്നേഹമെന്ന  പാഠം ജീവിതത്തിനായി**
**ലഭിക്കുന്നു ആ അങ്കണത്തിൽ**
**നല്ലവരായ് മാറാൻ രാജ്യസേവകരാകാൻ**
**പ്രാപ്തരാക്കുന്നു അറിവിൻ ലോകം**
**ഗുരുനാഥൻ ചൊല്ലുന്നതോരോന്നും**
**മനസിലുറപ്പിക്കും കുരുന്നുകൾ**
**നാളെയിൻ പ്രതീക്ഷയായ് നാളെയിൻ**
**വാഗ്ദാനമായ് അറിവിൻ ആകാശത്തിൽ**
**പറക്കുന്നു വിദ്യാർഥികൾ**

**-അഭയ് കൃഷ്ണ.കെ.കെ**

## വീണ്ടുമൊരു യാത്ര മൊഴികൂടി

നീല നിലാവിന്റെ നിദ്രയിലിരിക്കുന്ന യാമമേ
എന്റെ നയനങ്ങളിൽ നിന്നും നീ വിദൂരതയിലേക്ക് മറയുമ്പോ
ചോദിക്കാൻ ബാക്കി വച്ചതെന്തോ തേങ്ങുന്ന എൻ
ഹൃദയം  നിന്നോട് ചോദിക്കുകയായ്
ഓ ക്കുമോ എന്നെ നീ ഒരുവട്ടമെങ്കിലും
എന്റെ ഹൃദയത്തിൽ നീ സ്നേഹത്തിന്റെ ചിത്രം വരച്ച
അതിൽ നീ ആരും കൊതിക്കുന്ന വർണ്ണങ്ങ ളുകി

## എല്ലാം ഇന്ന മരിച്ച ഓർമകളാണെങ്കിൽകൂടി